ടെണ്ടർ പരസ്യം

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ 2026-27 വാർഷിക പദ്ധതിയില് ഉൾപ്പെട്ടത്തി നടപ്പാക്കുന്ന പ്രൊജക്ട് നമ്പർ 249/27 തെരുവ് വിളക്ക് സ്ഥാപിക്കല് പദ്ധതിയിലേക്ക് താഴെ പറയും പ്രകാരമുള്ള ലൈറ്റുകള് വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനായും അംഗീകൃത സ്ഥാപനങ്ങൾ /പൊതുമാർക്കറ്റിലെ വ്യാപാരികള് /വ്യക്തികൾ എന്നിവരില് നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ടെണ്ടറുകള് ക്ഷണിക്കുന്നു.

അടങ്കൽ തുക: 5 ലക്ഷം രൂപ.

ടെണ്ടര് ഫോറം വിതരണം ആരംഭിക്കുന്ന തീയതി-3/10/2026 11 മണി

ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തീയതി : 17/10/2026 - ഉച്ചയ്ക്ക് 1 മണി

ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി : 17/10/2026- വൈകുന്നേരം 3 മണി

ടെണ്ടർ തുറക്കുന്ന തീയതി : 17/10/2026- വൈകുന്നേരം 4 മണി

ടെണ്ടര് ഫോറത്തിൻറെ വില -1000+ജി എസ് ടി

നിരതദ്രവ്യ നിക്ഷേപം-5000/-

താഴെ പറയുന്നവയുടെ വിലവിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്

1. **street light with Automatic (different watts)**
2. **street light with Manual (different watts)**

ഓരോന്നിന്റെയും നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

* പ്രാദേശിക മുൻഗണന: ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്ക് പരിപാലന പ്രവർത്തനങ്ങൾ കാലതാമസമില്ലാതെ സുഗമമായി നടപ്പിലാക്കുന്നതിനും, തകരാറിലാകുന്ന സാമഗ്രികൾ വേഗത്തിൽ മാറ്റിയെടുക്കുന്നതിനും സർവീസ് പിന്തുണ ഉറപ്പുവരുത്തുന്നതിനുമായി ജില്ലയിൽ പ്രവർത്തിക്കുന്ന വിതരണക്കാർക്കും/വ്യാപാരികൾക്കും മുൻഗണന നൽകുന്നതാണ്. ഇതിനായി സ്ഥാപനം ജില്ലയിലാണെന്ന് തെളിയിക്കുന്ന രേഖകൾ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

* ദർഘാസ് ഫോറത്തിന്റെ വിലയിലും നിരതദ്രവ്യത്തിലും (EMD) ഇളവ്: കേരള സർക്കാർ സ്റ്റോർ പർച്ചേസ് മാന്വൽ / സർക്കാർ ഉത്തരവുകൾ പ്രകാരംഫോറത്തിന്റെ വിലയിൽ നിന്നും നിരതദ്രവ്യത്തിൽ നിന്നും ഇളവ് ഉണ്ടായിരിക്കുന്നതാണ്:

* നിരതദ്രവ്യം (EMD) അടയ്ക്കൽ: ഇളവിന് അർഹതയില്ലാത്തവർ നിശ്ചിത നിരതദ്രവ്യ തുകയായ ₹ 5000/- ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നേരിട്ട് ഒടുക്കി ലഭിക്കുന്ന രസീത് ദർഘാസിനൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

* വാറന്റി: വിതരണം ചെയ്യുന്ന ലൈറ്റുകൾക്ക് 1 വർഷത്തെ റീപ്ലേസ്മെന്റ് വാറന്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. വാറന്റി കാലയളവിൽ തകരാറിലാകുന്ന ബൾബുകൾ കരാറുകാരൻ സ്വന്തം ചെലവിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്

* ഗുണനിലവാര മാനദണ്ഡങ്ങൾ: വിതരണം ചെയ്യുന്ന ബൾബുകള് ISI / BIS ഗുണനിലവാരമുള്ളതും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) മാനദണ്ഡങ്ങൾ പാലിക്കുന്നതുമായിരിക്കണം.

* സാധനങ്ങൾ എത്തിക്കൽ: എല്ലാ സാമഗ്രികളും പൂർണ്ണമായും സുരക്ഷിതമായി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സ്വന്തം ചെലവിൽ എത്തിച്ചു നൽകേണ്ടതും സ്റ്റോക്ക് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

* ദർഘാസ് സമർപ്പിക്കേണ്ട വിധം: മുദ്രവെച്ച കവറിന് മുകളിൽ 'പ്രോജക്ട് നം.249/26-27- തെരുവു വിളക്ക്സ്ഥാപിക്കൽ എന്ന് വ്യക്തമായി രേഖപ്പെടുത്തി നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ സമർപ്പിക്കാം. അവസാന തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

* ദർഘാസ് തുറക്കൽ: നിശ്ചിത തീയതിയിൽ ഹാജരുള്ള ദർഘാസുകാരുടെയോ അവരുടെ ചുമതലപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്.

* അധികാര പരിധി: യാതൊരു കാരണവും ബോധിപ്പിക്കാതെ ഏതൊരു ദർഘാസും സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ അല്ലെങ്കിൽ പ്രസ്തുത ദർഘാസ് നടപടികൾ റദ്ദാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

* നിലവിലെ കേരള തദ്ദേശ സ്വയംഭരണ വകുപ്പിലെയും സർക്കാരിലെയും എല്ലാ സ്റ്റോർ പർച്ചേസ്/ദർഘാസ് ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

Vayakkara Grama Panchayat, P.O
Date.....

സെക്രട്ടറി
വൈക്കം-വയക്കര ഗ്രാമപഞ്ചായത്ത്